# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല
# കോഓർഡിനേഷൻ സമിതി

**20.11.2013-ൽ കൂടിയ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്**

യോഗം രാവിലെ 8 മണിക്ക് ബഹു.നഗരകാര്യ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സെക്രട്ടറിയേറ്റിലെ മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു.

1. സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 06.11.2013-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

**2. പൊതുവിഷയങ്ങൾ**

2.1 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2013-14 വാർഷിക പദ്ധതിയുടെ നിർവഹണ ചെലവ് 643 കോടി രൂപയാണെന്ന് റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഗ്രാമപഞ്ചായത്തുകൾ 425 കോടി രൂപയും (21.2%) ബ്ലോക്ക് പഞ്ചായത്തുകൾ 87 കോടി രൂപയും ജില്ലാപഞ്ചായത്തുകൾ 86 കോടി രൂപയും മുനിസിപ്പാലിറ്റികൾ 43 (19.8%) കോടി രൂപയും കോർപ്പറേഷൻ 32 (16.4%) കോടി രൂപയും ചെലവാക്കിയതായി കാണപ്പെട്ടു.

**പ്രത്യേക വിഷയങ്ങൾ**

**3.1 വടകര ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം 56166/ഡി.എ2/2013/തസ്വഭവ)**
**തീയതി 20.11.2013**

2012-13 വാർഷിക പദ്ധതിയിൽ വികലാംഗർക്ക് മുച്ചക്ര വാഹനം നൽകുന്ന പ്രോജക്ട് ഏറ്റെടുത്ത് 9 പേർക്ക് ആനുകൂല്യം നൽകിയിരുന്നതിന്റെ തുടർച്ചയായി മുൻ വർഷം ബാക്കിയുള്ളവർക്ക് ഈ ആനുകൂല്യം നൽകുന്നതിനായി 2013-14 വാർഷിക പദ്ധതിയിൽ 8.5 ലക്ഷം രൂപയുടെ പ്രോജക്ട് നടപ്പാക്കുന്നതിന് അനുവാദം നൽകണമെന്ന ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് (ഫയൽ നം 64735/ഡി.ഡി2/2013/തസ്വഭവ)**
**തീയതി.20.11.2013**

2004-05 വർഷത്തെ അധിക എസ്.ജി.ആർ.വൈ പദ്ധതി പ്രകാരം വയനാട് ഡി.ആർ.ഡി.എ പ്രോജക്ട് ആഫീസറുടെ അനുമതിയോടെ ചെയ്ത കാപ്പാട്ടുമല പാലക്കോളി റോഡ് പ്രവൃത്തിക്ക് കൺവീനർക്ക് നൽകാൻ ബാക്കിയുള്ള 237844/- രൂപയും നികുതി ഇനത്തിലുള്ള 65263/- രൂപയും ചേർത്ത് 303107/-രൂപ 2013-14 വാർഷിക പദ്ധതിയിലുൾപ്പെടുത്തി വികസനഫണ്ടിൽ നിന്ന് നൽകാൻ അനുവാദം നൽകണമെന്ന അപേക്ഷ അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 മലപ്പുറം നഗരസഭ (ഫയൽനം. 61790/ഡി.സി.3/13/തസ്വഭവ)**
**തീയതി.20.11 .2013**

നഗരസഭാപരിധിയിൽ മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് റോഡുകൾ ചെയ്യാനില്ല എന്ന് നിരീക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ഡി.പി.സി. അംഗീകാരം ലഭിച്ച പുതിയ പണികളുടെ സോളിംഗ്, മെറ്റലിംഗ് പ്രവൃത്തികൾ നടത്താൻ അനുമതി നൽകണമെന്ന ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 പെരിന്തൽമണ്ണ നഗരസഭ (ഫയൽനം. 67696/എഫ്.എം.3/13/തസ്വഭവ)തീയതി.20.11.2013**

നഗരസഭ കുടിവെള്ള വിതരണം നടത്തിയതിന് നിലവിലെ വ്യവസ്ഥകൾ പ്രകാരം ചെലവാക്കാവുന്ന പരമാവധി തുകയെക്കാൾ അധികമായി ചെലവായ തുക

ലഭ്യമാക്കാനായി നിവേദനവും അനുബന്ധങ്ങളും ഉചിത നടപടികൾക്കായി റവന്യൂ വകുപ്പിന് കൈമാറിയിട്ടുള്ളതിനാൽ അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ വയ്ക്കുന്നതിന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്**
**(ഫയൽ നം66823 /ഡി.ഡി2/2013/തസ്വഭവ)തീയതി.20.11.2013**

ബ്ലോക്ക് പഞ്ചായത്തിന്റെ നിലവിലുള്ള ഘടക സ്ഥാപനങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് മെയിന്റനൻസ് ഗ്രാന്റ് ആവശ്യമില്ലാത്തതിനാൽ ഫണ്ട് ലാപ്സാകാതിരിക്കാൻ ചോറ്റി വനിതാ പരിശീലന കേന്ദ്രം അനുബന്ധ സൗകര്യങ്ങൾ, പുത്തൻചന്ത വനിതാ തൊഴിൽ പരിശീലനകേന്ദ്രം, പാതിപ്പാറ സാംസ്ക്കാരിക നിലയം അനുബന്ധ സൗകര്യങ്ങൾ എന്നീ പ്രോജക്ടുകളിൽ വിനിയോഗിക്കാൻ അനുമതി നൽകണമെന്ന ആവശ്യം ഫണ്ട് മടക്കുകയോ അല്ലെങ്കിൽ അടുത്ത വർഷത്തേക്കു മാറ്റി വയ്ക്കുകയോ ചെയ്യാമെന്ന് നിർദ്ദേശിച്ചു തീരുമാനിച്ചു.

2012-13-ൽ ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിയ വികലാംഗർക്ക് മുച്ചക്ര വാഹനം എന്ന പ്രോജക്ട് വീണ്ടും ഒരിക്കൽക്കൂടി 2013-14-ൽ നടപ്പിലാക്കാൻ അനുമതി നൽകണമെന്ന ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 63232/ഡി.ഡി.2/13/തസ്വഭവ)**
**തീയതി.20.11.2013**

ബ്ലോക്ക് പഞ്ചായത്ത് നിർമ്മൽ ഗ്രാമ പുരസ്ക്കാർ അവാർഡ് തുക ഉപയോഗിച്ച് 2012-13 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ ഗ്രാമപഞ്ചായത്തുകൾ വഴി പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ് വിതരണം പദ്ധതിക്ക് സാങ്കേതികാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യത്തിന് ഇതുവരെ അനുമതി നൽകാത്തതിന് ശുചിത്വ മിഷന്റെ വിശദീകരണ ആവശ്യപ്പെടുന്നതിന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 ചെങ്ങന്നൂർ നഗരസഭ (ഫയൽ നം.58507/ഡി.ബി.2/13/തസ്വഭവ)**
**(തീയതി.20.11.2013)**

നഗരസഭാ പ്രദേശത്തെ ഇറപ്പുഴ പാലത്തിൽ വെളിച്ചമില്ലാത്തതുമൂലം രാത്രികാലങ്ങളിൽ യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ബി.ഒ.റ്റി വ്യവസ്ഥയിൽ 10 തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിന് അനുവാദം ആവശ്യപ്പെട്ടിരുന്നത് PWD യുടെ NOC വാങ്ങി നടപടിക്രമങ്ങൾ സുതാര്യമായി പാലിച്ച് നടപ്പിലാക്കാൻ തീരുമാനിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.67078/ഡി.ഡി.2/13/തസ്വഭവ) (തീയതി.20.11.2013)**

വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കമ്മിറ്റിയുടെ കടയ്ക്കൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന കാർഷിക വിപണിക്ക 10 ലക്ഷം രൂപ ചെലവിൽ ഒരു വിപണന സ്റ്റാൾ നിർമ്മിച്ചു നൽകുന്ന പ്രോജക്ട് ബ്ലോക്ക് പഞ്ചായത്തിന്റെ 2013-14 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിന് അനുവാദം നൽകണമെന്ന അഭ്യർത്ഥന ബ്ലോക്ക് പഞ്ചായത്തിന് ഉടമസ്ഥാവകാശം നിലനിർത്തണമെന്ന വ്യവസ്ഥയോടെ അംഗീകരിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് (ഫയൽനം.67304/ഡി.ഡി.2/13/തസ്വഭവ)തീയതി.20.11.2013**

ബ്ലോക്ക് പഞ്ചായത്തിന് സ്വരാജ് ട്രോഫി സമ്മാനത്തുകയായി ലഭിച്ച 10 ലക്ഷം രൂപയിൽ നിന്ന് 2 ലക്ഷം രൂപ ചെലവിൽ കുമ്മിൾ സ്ക്കൂളിലെ പാചകപ്പുര നവീകരണം എന്ന ഒരു പദ്ധതി 2013-14 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാൻ പ്രത്യേകാനുമതി ആവശ്യപ്പെട്ടത് ഉടമസ്ഥാവകാശം ഗ്രാമപഞ്ചായത്തിന് കൈമാറാനും തുടർ ചെലവുകൾ ഗ്രാമപഞ്ചായത്ത് വഹിക്കണമെന്നുമുള്ള വ്യവസ്ഥയിൽ അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത് തീയതി.20.11.2013**

ഗ്രാമപഞ്ചായത്തിലെ III-ാം വാർഡിൽ 230000/- രൂപയ്ക്ക് SNDP - പഴയ നടക്കാവ് റോഡ് ഗുണഭോക്തൃസമിതി മുഖേന മെറ്റലിംഗും, ടാറിംഗും നടത്തിയതിൽ ടാർ വാങ്ങിയതിലെ ബിൽ നൽകാത്ത സാഹചര്യത്തിൽ അംഗീകരിക്കാൻ കഴിയുകയില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 68111/ഡി.ഡി.2/13/തസ്വഭവ) തീയതി 20.11.2013**

കാർഷിക പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് പ്രത്യേക അനുമതി 25.09.2013-ലെ യോഗത്തിൽ 3.30 ഇനമായി നൽകിയിട്ടുള്ളതിനാൽ തുടർനടപടി ആവശ്യമില്ലെന്നു തീരുമാനിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 ഭാരത് സേവക് സമാജ് (ഫയൽ നം. 43611/ഐ.ബി.2/2013/തസ്വഭവ) തീയതി 20.11.2013**

കുടുംബശ്രീ യൂണിറ്റുകളിൽ തൊഴിൽ പരിശീലനം നടത്തുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായി പരിഗണിക്കണമെന്ന ആവശ്യം കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനാ വിഷയമല്ലെന്ന് നിരീക്ഷിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 പാവറട്ടി ഗ്രാമപഞ്ചായത്ത് (ഫയൽ നം.69437/ഡി.എ2/തസ്വഭവ)തീയതി 20.11.2013**

പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം ചെയ്യുന്നതിനും പട്ടികജാതിക്കാർക്കും പട്ടിക ജാതി വനിതകൾക്കും കമ്പ്യൂട്ടർ, ലാപ്ടോപ് എന്നിവ വിതരണം ചെയ്യുന്നത് അംഗീകരിക്കാമെന്നും തീരുമാനിച്ചു.

ബഡ്സ് സ്ക്കൂളിന് സ്ഥലം അനുവദിക്കണമെന്ന ആവശ്യം വകുപ്പുതല തീരുമാനത്തിനായി നിർദ്ദേശിച്ചു. തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 തൃപ്പങ്ങോട്ട് ഗ്രാമപഞ്ചായത്ത്     തീയതി.20.11.2013**

4 അംഗൻവാടി കെട്ടിടങ്ങളുടെ നിർമ്മാണത്തിന് മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ഉപയോഗിക്കാവുന്നതാണെന്ന് തീരുമാനിച്ചു. ഇതു സംബന്ധിച്ച് പൊതുവായ സർക്കുലർ പുറപ്പെടുവിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തി.

**3.15 സാമൂഹ്യനീതി വകുപ്പു ഡയറക്ടർ  ബഹു.സാമൂഹ്യനീതി വകുപ്പു മന്ത്രിക്കു നൽകിയ കുറിപ്പ്     തീയതി.20.11.2013**

മലപ്പുറം  തവനൂരിലെ ഗവൺമെന്റ് ഒബ്സർവേഷൻ ഹോം അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ആവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കാനുള്ള ചുമതല എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറെ ഏൽപ്പിക്കാൻ തീരുമാനിച്ചു.

**3.16 അട്ടപ്പാടി  മേഖലയിലെ അഗളി, പുതൂർ, ഷോളയാർ  ഗ്രാമപഞ്ചായത്തുകൾ (ഫയൽ നം. 61436/ഡി.എ2/13/തസ്വഭവ)  തീയതി.20.11.2013**

അട്ടപ്പാടി മേഖലയിലെ അഗളി, പുതൂർ, ഷോളയാർ പഞ്ചായത്തുകളിലെ സംയോജിത ശിശു വികസന  പദ്ധതികൾക്ക്  പച്ചക്കറി വാങ്ങുന്നതിനായി രണ്ടു രൂപയായി ഉയർത്തണമെന്ന ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 പള്ളിവാസൽ ഗ്രാമപഞ്ചായത്ത്  (ഫയൽ നം. 70290/ഡി.എ2/13/തസ്വഭവ) തീയതി.20.11.2013**

പള്ളിവാസൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന വൃദ്ധർക്കുള്ള സഹായങ്ങൾ തനത് ഫണ്ട് ഉപയോഗിച്ച് ചെയ്യാവുന്നതാണെന്ന്  തീരുമാനിച്ചു.

**3.18 എഴുപുന്ന  ഗ്രാമപഞ്ചായത്ത്     തീയതി.20.11.2013**

പി.എച്ച്.സി.ക്ക് ആംബുലൻസ് വാങ്ങി നൽകാനുള്ള ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

**3.19 എഴുപുന്ന  ഗ്രാമപഞ്ചായത്ത്   (ഫയൽ നം. 56830/ഡി.എ2/13/തസ്വഭവ) തീയതി.20.11.2013**

എഴുപുന്ന ഗ്രാമപഞ്ചായത്ത്  മൃഗാശുപത്രി കെട്ടിടം  മെയിന്റനൻസ്  ഗ്രാന്റ് (നോൺ റോഡ്) ഉപയോഗിച്ച് നിർമ്മിക്കാനുള്ള പദ്ധതി പരിഗണനാർഹമല്ലെന്ന് തീരുമാനിച്ചു.

**3.20 കൊടുവള്ളി ബ്ലോക്ക്  പഞ്ചായത്ത്   തീയതി.20.11.2013**

ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന വയോജനങ്ങളുടെ സർവേ നടത്തുന്നതിന് അനുമതി നൽകാനും സർവേ റിപ്പോർട്ട് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഗ്രാമപഞ്ചായത്ത് അവരുടേതായ പദ്ധതി നടപ്പിലാക്കാൻ നൽകണമെന്നും നിർദ്ദേശിച്ചു തീരുമാനിച്ചു.

***കോഓർഡിനേഷൻ കമ്മിറ്റിയുടെ അടുത്തയോഗം  27.11.2013ന് രാവിലെ 8 മണിക്ക് ബഹു.മുഖ്യമന്ത്രിയുടെ കോൺഫറൻസ്ഹാളിൽ   ചേരുന്നതിന് തീരുമാനിച്ചു.***

**(യോഗം 9.15 ന് അവസാനിച്ചു)**